കോടഞ്ചേരി: മലയോര മേഖലയിൽ കഞ്ചാവു വിൽപ്പന നടത്തുന്ന സംഘത്തിലെ രണ്ടു പേർ കോടഞ്ചേരി പോലീസിന്റെ പിടിയിലായി. 1.270 കി.ഗ്രാം കഞ്ചാവുമായി കാസർഗോഡ് തൃക്കരിപ്പൂർ സ്വദേശി ഷഫാദ് (20), കാരന്തൂർ മർകസ്സിനു സമീപം കല്ലറ കോളനിയിൽ താമസിക്കുന്ന കണ്ണൻ എന്നറിയപ്പെടുന്ന സുഭാഷ് (21) എന്നിവരെയാണ് കോടഞ്ചേരി എസ്.ഐ ശ്രീനിവാസനും സംഘവും ചേർന്ന് പിടികൂടിയത്. കോഴിക്കോട് റൂറൽ ജില്ലാപോലീസ് മേധാവിക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി DySP പി.സി. സജീവന്റെ നിർദേശപ്രകാരം ഇന്നലെ (29-06-2018) വൈകുന്നേരം മൂന്നരയോടെ മൈക്കാവ് വളവ് ബസ് സ്റ്റോപ്പിൽ വെച്ച് കോടഞ്ചേരി എസ്.ഐ ശ്രീനിവാസൻ, താമരശ്ശേരി DySP യുടെ ക്രൈം സ്ക്വാഡ് അംഗങ്ങളായ ASI രാജീവ് ബാബു, സിവിൽ പോലീസ് ഓഫീസർമാരായ ഷിബിൽ ജോസഫ്, ഷെഫീഖ് നീലിയാനിക്കൽ തുടങ്ങിയവർ ചേർന്നാണ് പ്രതികളെ പിടികൂടിയത്. അന്യ സംസ്ഥാനങ്ങളിൽ നിന്നു കുറഞ്ഞ വിലക്ക് വൻതോതിൽ കഞ്ചാവ് കടത്തികൊണ്ടു വന്ന് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വിൽപ്പന നടത്തിവരികയായിരുന്നു. താമരശ്ശേരി കോടതിയിൽ ഹാജറാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.



